## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3456     20.06.2018 ൽ മറുപടിക്ക്

### ഡിജിറ്റൽ പെറ്റിഷൻ മോണിട്ടറിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.അൻവർ സാദത്ത് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാന പരിപാലനത്തിനും കുറ്റകൃത്യങ്ങളിൽ മുഖംനോക്കാതെ ജാഗ്രതയോടുകൂടിയ അന്വേഷണരീതി നടപ്പിലാക്കുന്നതിനും പോലീസിന് സാധിച്ചിട്ടുണ്ടോ; | (എ) സാധിച്ചിട്ടുണ്ട്. |
| (ബി) ഭൂമാഫിയ, ബ്ലേഡ് മാഫിയ മുതലായ സാമൂഹ്യ വിരുദ്ധശക്തികൾ സംസ്ഥാനത്ത് വീണ്ടും ശക്തമാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ; | (ബി) ഭൂമാഫിയ, ബ്ലേഡ് മാഫിയ മുതലായ സാമൂഹ്യ വിരുദ്ധശക്തികൾ സംസ്ഥാനത്ത് വീണ്ടും ശക്തമാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സാമൂഹ്യദ്രോഹ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ കാപ്പാ നിയമപ്രകാരം നടപടി സ്വീകരിച്ചും, അമിത പലിശക്ക് പണം കടം കൊടുക്കുന്നവർക്കെതിരെ മണി ലെൻഡേഴ്സ് ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിച്ചും ഇത്തരം കുറ്റകൃത്യങ്ങൾക്ക് എതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഓട്ടോറിക്ഷാ ഡ്രൈവറായ വടകര തൈയുള്ളതിൽ സതീശൻ ജൂൺ 6 ന് ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലം ആത്മഹത്യചെയ്ത സംഭവം അന്വേഷിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; | (സി) അന്വേഷിച്ചിട്ടുണ്ട്. വടകര തൈയുള്ളതിൽ സതീശൻ എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട് വടകര പോലീസ് സ്റ്റേഷനിൽ ക്രൈം നം.458/2018 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. |

പ്രസ്തുത കേസ്സിൽ ടിയാൻ ആത്മഹത്യ ചെയ്യാൻ പ്രേരണ ഉണ്ടാക്കിയതിന് വടകരയിലെ "പൊൻസി ഫൈനാൻസ്" എന്ന സ്ഥാപനം നടത്തിവരുന്ന വടകര പുതുപ്പണം സിന്ധു നിവാസിൽ കൃഷ്ണൻ മകൻ സുരേഷ്.കെ.പി എന്ന വ്യക്തിയാണെന്ന് വ്യക്തമാവുകയും ടിയാനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്.

| | | | |
|---|---|---|---|
| (ഡി) | പോലീസിന് നൽകുന്ന പരാതികളിൽ എടുത്ത നടപടി പൊതുജനങ്ങളെ അറിയിക്കുന്നതിന് ഡിജിറ്റൽ പെറ്റിഷൻ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പോലീസിന്റെ പൊതുജന സൗഹാർദ്ദ പോർട്ടലായ "തുണ" (The Hand You Need for Assistance) വഴി ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിനും പരാതികളിന്മേലും അപേക്ഷകളിന്മേലും കൈക്കൊണ്ട നടപടികൾ അപേക്ഷകരെ അറിയിക്കുന്നതിനും, മറുപടികളും സർട്ടിഫിക്കറ്റുകളും ഓൺലൈനിലൂടെ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ